6644
11/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം** . 316/2015/സാനീവ **തീയതി, തിരുവനന്തപുരം** , 04.06.2015

---

**പരാമർശം :** 1) 19.03.2013 - ലെ സ.ഉ.(സാധാ)നം. 121/2013/സാനീവ നമ്പർ ഉത്തരവ്

2) സാമൂഹ്യനീതി ഡയറക്ടറുടെ 11.05.2015 ലെ ഐസിഡിഎസ്.എ7- 5781/15 നമ്പർ കത്ത്.

**ഉത്തരവ്**

മാതൃകാ അങ്കണവാടി പദ്ധതി പ്രകാരം കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കോഴിക്കോട് കോർപ്പറേഷനിലെ 114-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി സ്ഥലത്ത് ഭൂമി സംബന്ധമായ തർക്കം നിലനിൽക്കുന്നതിനാൽ നിർമ്മാണമാരംഭിക്കാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ കോഴിക്കോട് കോർപ്പറേഷനിലെ 114-ാം നമ്പർ അങ്കണവാടിക്കു പകരം ടി കോർപ്പറേഷനിലെ 34-ാം നമ്പർ അങ്കണവാടി എന്നാക്കി പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അങ്കണവാടികളുടെ പട്ടികയിൽ നിന്നും കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ കോഴിക്കോട് കോർപ്പറേഷനിലെ 114-ാം നമ്പർ അങ്കണവാടിയെ ഒഴിവാക്കിയും പകരം ടി കോർപ്പറേഷനിലെ കോഴിക്കോട് അർബൻ 1 ഐ.സി.ഡി.എസ് പ്രോജക്ടിൽപ്പെട്ട 34-ാം നമ്പർ അങ്കണവാടിയെ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**